പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1494</u> 06.03.2017 ൽ മറുപടിയ്ക്ക്

## ഗ്രോബാഗ് കൃഷി രീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഗ്രോബാഗ് കൃഷിരീതി പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ: | എ) 2016-17- ൽ പച്ചക്കറി വികസന പദ്ധതി പ്രകാരം തുടങ്ങിയ ഗ്രോബാഗ് മുഖേന പച്ചക്കറി കൃഷിക്കുള്ള സഹായം ഇപ്പോഴും തുടർന്നു വരുന്നുണ്ട്. 2016-17-ൽ 40000 ഗ്രോബാഗ് യൂണിറ്റുകൾ (25 ഗ്രോബാഗുകൾ അടങ്ങിയ) കർഷകർക്കു നൽകാൻ ലക്ഷ്യമിട്ടുന്നു. കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകളിൽ ആവർത്തന കൃഷി ചെയ്യുവാനും, സഹായം നൽകി വരുന്നു.<br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന 'ഹരിത നഗരി' എന്ന പദ്ധതിയിൻ കീഴിൽ ഈ സാമ്പത്തിക വർഷം ജനുവരി വരെ 7467 വീട്ടുകളിൽ ഗ്രോബാഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) മൺചട്ടി ഉപയോഗിച്ചുള്ള കൃഷി രീതിക്ക് ആവശ്യമായ ചെലവിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് കൃഷിവകുപ്പ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?. | ബി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഗ്രോബാഗിന് പകരം മൺചട്ടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ